MALAYALAM



നിർദ്ദേശങ്ങളനുസരിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക

## Question 1

കത്തെഴുതുക. [4]

'ഇന്ന് കേരളത്തിലെ എൺപത്തഞ്ചു ശതമാനം കിണറുകളും മലിനങ്ങളാണ്. രോഗങ്ങളിൽ എൺപതു ശതമാനവും ജലജന്യരോഗങ്ങളാണ്. ലോകത്ത് പ്രതിവർഷം നാലു മില്യൺ കുട്ടികൾ ജലജന്യരോഗങ്ങൾ കൊണ്ട് മരിക്കുന്നു എന്നാണ് കണക്കാക്കിയിരിക്കുന്നത്. നമ്മുടെ പുരയിടത്തിൽ നല്ലൊരു കിണർ ഉണ്ടെങ്കിൽ ഒഴിവാക്കാവുന്നതാണീ ദുരന്തമെന്ന് ചുരുക്കം.'

- സ്വന്തം ജീവിതം അന്യർക്കായി മാറ്റി വച്ച ഉപ്പാന്റെ കഥയെക്കുറിച്ച് കൂട്ടുകാരന് കത്തെഴുതുക.

## Question 2

ചുവടെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനു ശേഷം ഒപ്പമുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

മഴ പെയ്തു പാടം നിറഞ്ഞു കിടക്കുമ്പോൾ അതിൽ കൊതുകുകൾ പെരുകും. അവയെ നിയന്ത്രിക്കുന്നത് തവളകളാണ്. തവളകളെ തിന്നാൻ നീർക്കോലികളും പാമ്പുകളും ഉണ്ടാകും. ഇതാണ് പ്രകൃതിയുടെ രീതി. ജീവജാലങ്ങളിൽ ഒന്നിനേയും നശിപ്പിക്കാതെ എല്ലാറ്റിനേയും നിയന്ത്രിച്ചു നിർത്തുന്ന രീതി. കീടനാശിനികൾക്കു രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിനു പകരം അവയെ നശിപ്പിക്കുന്ന മറ്റു പ്രാണികളെ ഉല്പാദിപ്പിക്കുവാനും വളർത്താനും നമുക്കു കഴിഞ്ഞാൽ അതു വമ്പിച്ച വിജയമാണ്. ഈ രീതിക്കു ബയോളജിക്കൽ കൺട്രോൾ അഥവാ ജൈവശാസ്ത്ര രീതിയിലുള്ള നിയന്ത്രണം എന്നു പറയുന്നു. ഈ രീതി കൃഷിശാസ്ത്രജ്ഞർക്കു അജ്ഞാതമല്ല. തെങ്ങിനുണ്ടാകുന്ന 'നെഫാൻറിസ് സെറിനോപ്പ' എന്നു പേരായ ഒരു തരം കീടബാധയെ ഇവിടെയും വളരെക്കാലമായി ഈ രീതിയിൽ നേരിടുന്നുണ്ട്. ഈ ശാസ്ത്രം വേണ്ടത്ര പുരോഗമിച്ചിട്ടില്ല എന്നേയുള്ളൂ. അതിനു പകരം നാം രാസപദാർത്ഥങ്ങൾ കണ്ടമാനം ഉപയോഗിക്കുന്നു. അത് പരിസ്ഥിതി നശീകരണത്തിൽ ചെന്നവസാനിക്കുന്നു. ഡി.ഡി.ടി. മുതലായ ചില രാസപദാർത്ഥങ്ങൾ ഇന്ന് അമേരിക്കയിൽ നിരോധിച്ചിരിക്കുകയാണ്. അവ ഉണ്ടാക്കുന്ന ഫാക്ടറികൾ അടച്ചു പൂട്ടി. എന്നാൽ നമ്മെപ്പോലുള്ള അവികസിതരാജ്യക്കാർ ഇന്നും അത്തരം വിഷവസ്തുക്കൾ ഉപയോഗിക്കുന്നു. 1960 ൽ റെയ്ച്ചൽ കഴ്സൻ എന്നു പേരായ ഒരു അമേരിക്കക്കാരി 'നിശ്ശബ്ദ വസന്തം' (Silent Spring) എന്ന പേരിൽ ഒരു പുസ്തകമെഴുതി. അതിനുവമ്പിച്ച പ്രചാരം ലഭിച്ചു. രാസപദാർത്ഥങ്ങളായ കീടനാശിനികളുടെ ഉപയോഗത്തിനെതിരെയായിരുന്നു പുസ്തകം. അതിന്റെ പ്രസിദ്ധീകരണത്തെ തുടർന്ന് അമേരിക്കയിൽ ഡി.ഡി.ടി.ക്കെതിരായ വമ്പിച്ച ഒരു ക്യാമ്പെയിൻ നടന്നു.

ചോദ്യങ്ങൾ

(i) എന്താണ് ബയോളജിക്കൽ കൺട്രോൾ? [1]

(ii) എന്തു ചെയ്യാൻ സാധിച്ചാലാണ് വിജയമായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നത്? [1]

(iii) റെയ്ച്ചൽ കഴ്സൻ എഴുതിയ പുസ്തകത്തിന്റെ പേരെന്ത്? [1]

(iv) എപ്പോഴാണ് അമേരിക്കയിൽ ഡി.ഡി. ടി.ക്കെതിരായ ക്യാമ്പെയ്ൻ നടന്നത്? [1]

(v) 'നിശ്ശബ്ദ വസന്തം' എന്ന പുസ്തകത്തിന്റെ ഉള്ളടക്കമെന്ത്? [1]

## Question 3

അർത്ഥമെഴുതുക. [2]

(i) അഗാധം

(ii) ഉപജ്ഞാതാവ്

(iii) ഉപചാരം

(iv) ആവിർഭാവം

## Question 4

പര്യായമെഴുതുക (രണ്ടെണ്ണം വീതം) [2]

(i) രാജാവ്

(ii) കിണർ

## Question 5

വിപരീതമെഴുതുക. [2]

(i) പൗരസ്ത്യർ

(ii) ഭാഗ്യം

(iii) ബന്ധു

(iv) ഗുണം

## Question 6

നാനാർത്ഥമെഴുതുക. [2]

(i) കേന്ദ്രം

(ii) ചക്രം

## Question 7

പിരിച്ചെഴുതുക. [2]

(i) കൂടിയാട്ടം

(ii) കഥകളിയായി

(iii) വിസ്മയജനകം

(iv) നാടകാഭിനയമാണ്

## Question 8

വാക്യത്തിൽ പ്രയോഗിക്കുക. [2]

(i) കൗശലപൂർവ്വം

(ii) തലകുനിക്കുക

## Question 9

ആസ്വാദനക്കുറിപ്പെഴുതുക. [3]

"മകൾ എപ്പോഴും പറയും

അച്ഛാ...

ഞാനൊരാണായിരുന്നെങ്കിൽ
പുഴയിൽ കളിക്കാമായിരുന്നു
മഴയിൽ കളിക്കാമായിരുന്നു
റോഡിലൂടെ എപ്പോഴും സൈക്കിൾ
ചവിട്ടാമായിരുന്നു."

(ഹരികൃഷ്ണൻ.കെ.ജി.)

'അച്ഛനും മകളും' എന്ന കവിതയുടെ ആശയം മുൻനിർത്തി ആസ്വാദനക്കുറിപ്പെഴുതുക.

## Question 10

ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

**(i)** കഥകളിയിലെ വേഷങ്ങൾ വിഭജിച്ചിരിക്കുന്നതെങ്ങനെ? **[1]**

**(ii)** 'ഉദപാനം' എന്ന വാക്കിന്റെ അർത്ഥമെന്ത്? **[1]**

**(iii)** 'നമുക് കടൽത്തീരങ്ങളിലേക്ക് പോകാം' എന്ന കവിതാ സമാഹാരം രചിച്ചതാര്? **[1]**

**(iv)** കൂടിയാട്ടത്തിൽ അഭിനയിക്കേണ്ട വിധവും കഥാപാത്രങ്ങളുടെ വേഷവും വിവരിക്കുന്ന കൃതികൾ ഏതൊക്കെ? **[1]**

## Question 11

വിശദമായി ഉത്തരമെഴുതുക.

**(i)** മനുഷ്യന്റെ ഇടപെടൽ മൂലം തെറ്റിയ പ്രകൃതിയിലെ ചാക്രിക പ്രവർത്തനം ഏതാണ്? **[2]**

**(ii)** രാമനാട്ടത്തിന്റെ ഉത്ഭവവുമായി ബന്ധപ്പെട്ട കഥയെന്ത്? **[2]**

**(iii)** 'അകക്കണ്ണിലെ കിനാവുകൾ' എന്ന പേര് ആ കഥയ്ക്ക് എത്രത്തോളം അനുയോജ്യമാണെന്ന് വിശദമാക്കുക. **[2]**

**(iv)** പാശ്ചാത്യരുമായുള്ള ഇടപെടലിൽ നമ്മുടെ പ്രകൃതിയെക്കുറിച്ചുള്ള കാഴ്ചപ്പാട് എങ്ങനെയാണ് മാറിയത്? **[2]**

## Question 12

ചുവടെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ തിരിച്ചറിഞ്ഞ ശേഷം കുറിപ്പുകൾ തയ്യാറാക്കുക. **[4]**

(i)



(ii)



******